**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469** **08-07-2024 - ൽ മറുപടിയ്ക്ക്**

**ജയിൽ അന്തേവാസികളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും അന്തേവാസികളുടെ ഉന്നമനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വൈദേശിക അധിനിവേശത്തിന്റെ ഇരകളായി അടിമകളെപ്പോലെ തദ്ദേശീയരെ പാർപ്പിച്ചിരുന്ന ഇടങ്ങളായിരുന്നു ജയിലുകൾ. ആ നിലയിൽ നിന്ന് വ്യത്യസ്തമായി കുറ്റവാളികളുടെ തെറ്റുകൾ തിരുത്തി അവരെ ഉത്തമ പൗരന്മാരാക്കുന്നതിനുതകുന്ന രീതിയിലുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആധുനിക കാഴ്ചപ്പാടുകൾക്കനുസരിച്ച് ജയിൽ പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവിധ കമ്മീഷനുകൾ നടത്തിയ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നടപടികളാണ് ജയിൽ ഭരണനിർവ്വഹണത്തിൽ സ്വീകരിച്ചിട്ടുള്ളത്.<br>ശിക്ഷാകാലയളവിനു ശേഷവും പരാശ്രയമില്ലാതെ ജീവിക്കുന്നതിന് കഴിയുന്നവിധം ഒട്ടനവധി തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു. മാനസികോല്ലാസം ലക്ഷ്യമാക്കി ജയിലുകളിൽ യോഗ പരിശീലനം, കായിക കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനോടൊപ്പം പ്രാഥമിക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം എന്നിവ വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. അന്തേവാസികളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പും സ്കൂൾ പഠനകാലത്ത് വാർഷിക ധനസഹായവും നൽകി വരുന്നു.<br>'**ജയിലുകളുടെ നവീകരണം**' എന്നവാർഷിക പദ്ധതിയിലും '**തടവുകാരുടെ ക്ഷേമം**' എന്ന വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ജയിലുകളിലെ അന്തേവാസികൾക്കായി ഈ സർക്കാർ നടത്തിവരുന്ന വിവിധങ്ങളായ | (ബി) | അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | | |
| (സി) | തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ അന്തേവാസികളുടെ ഉന്നമനത്തിനായി വകുപ്പ് മുഖേന നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഓരോ പദ്ധതിയിലൂടെയും എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | അനുബന്ധം -4 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും അന്തേവാസികളുടെ ഉന്നമനത്തിനുമായി 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതി സ്കീമുകളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ/പ്രവർത്തനങ്ങൾ ജയിൽ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

ജയിലുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും നവീകരണത്തിനും സുരക്ഷയ്ക്കുമുള്ള വിവിധ പദ്ധതികൾ **'ജയിലുകളുടെ നവീകരണം'** എന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ, പുതിയ ജയിലുകളുടെ നിർമ്മാണം, അത്യന്താധുനികമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിയ്ക്കുക, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം, ഇ-ഗവർണൻസ് തുടങ്ങി ജയിൽ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള ബഹുവിധ പദ്ധതികൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

തടവുകാരുടെ ക്ഷേമവും പുനരധിവാസവും മുൻനിർത്തിയുള്ള പദ്ധതികൾ **'തടവുകാരുടെ ക്ഷേമം'** എന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. തടവുകാർക്കാവശ്യമായ തൊഴിൽ പരിശീലനം, തുടർ വിദ്യാഭ്യാസ പരിപാടി, യോഗ, മറ്റ് ക്ഷേമ പ്രവൃത്തികൾ, ജയിലുകളിലെ ആശുപത്രി സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, എന്നിവ ടി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ജയിൽ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് റിഫ്രഷർ കോഴ്സ്, സംസ്ഥാനതല ശില്പശാല, കൂടാതെ ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി സംവിധാനത്തിന്റെ പരിപാലനം, തടവുകാർക്ക് ജയിലുകളിൽ മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ എന്നിവ ടി സ്കീമിന്റെ ഭാഗമാണ്.

# അനുബന്ധം - 2

1. ജയിൽ അന്തേവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് തൊഴിൽ പരിശീലനപരിപാടികൾ ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇത് അന്തേവാസികൾക്ക് വിവിധ തൊഴിലുകളിൽ പ്രാവീണ്യം നേടുന്നതിനും ജയിൽ മോചിതരായശേഷം തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാകുകയും മാന്യമായ ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഡ്രൈവിംഗ്, ടൈലറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഫുഡ് പ്രൊസസ്സിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓർഗാനിക് ഫാമിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ അസംബ്ലിംഗ് തുടങ്ങിയ വിവിധ തൊഴിൽ പരിശീലന പരിപാടികൾക്ക് 2021-22ൽ 27.66 ലക്ഷം രൂപയും 2022-23ൽ വിവിധ തൊഴിൽ പരിശീലന-നൈപുണ്യ വികസന പരിപാടികൾക്കായി 26.12 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയത് വിനിയോഗിച്ച് അന്തേവാസികൾക്കായി വിവിധ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്.

2. അന്തേവാസികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനും അവരുടെ മാനസിക ഉല്ലാസത്തിനും വിവിധ ജയിലുകളിൽ എഫ്.എം റേഡിയോയോടു കൂടിയ പബ്ലിക് അഡ്രസ്സ് സംവിധാനം സ്ഥാപിക്കുന്നതിന് 2021-22ൽ 12.72 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി 2022-23ൽ 4.45 ലക്ഷം രൂപയും 2023-24ൽ 20.66 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

3. അന്തേവാസികളുടെ മാനസിക പരിവർത്തനം ലക്ഷ്യമാക്കി ജയിൽ ക്ഷേമ ദിനാഘോഷം, യോഗ ക്ലാസ്സ് എന്നിവ ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട് 2021-22ൽ 23.51 ലക്ഷം രൂപയും 2022-23 വർഷം 25 ലക്ഷം രൂപയും 2023-24 വർഷം 35.47 ലക്ഷം രൂപയും ഇതിനായി വിനിയോഗിച്ചിട്ടുള്ളതാണ്.

4. അന്തേവാസികൾക്കിടയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിലുകളിലെ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം വകയിരുത്തുകയും പുസ്തകങ്ങൾ വാങ്ങി ലൈബ്രറി നവീകരണം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്.

5. അന്തേവാസികൾക്കായി കായികോപകരണങ്ങൾ വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം 18.89 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കായികോപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുള്ളതാണ്. ആയതിന്റെ നടപടിക്രമങ്ങൾ ഉടൻ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

6. തടവുകാർക്ക് മികച്ച ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജയിലുകളിലെ ആശുപത്രി സൗകര്യം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂർ സെൻട്രൽ ജയിലിൽ പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി 303.18 ലക്ഷം രൂപ 2023-24ലെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളതാണ്.

**അനുബന്ധം - 3**

1. അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലന പരിപാടികൾ: - തിരുവനന്തപുരം സെൻട്രൽ ജയിലിലെ അന്തേവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് തൊഴിൽ പരിശീലനപരിപാടികൾ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിലേയ്ക്കായി 6,61,100/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് ക്ലാസിക്കൽ & കൊമേഴ്സ്യൽ ആർട്സ്, സ്ക്രീൻ പ്രിന്റിംഗ് & സ്പൈറൽ ബൈൻഡിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് എന്നിങ്ങനെ വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

2. അന്തേവാസികളുടെ മാനസിക പരിവർത്തനം ലക്ഷ്യമാക്കി എല്ലാ വർഷവും ജയിലുകളിൽ ജയിൽ ക്ഷേമ ദിനാഘോഷം, യോഗ ക്ലാസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട് 2023-24 സാമ്പത്തിക വർഷം തിരുവനന്തപുരം സെൻട്രൽ ജയിലിൽ ക്ഷേമ ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 1,40,000/- രൂപ അനുവദിച്ച് നൽകിയിരുന്നു. അതിൻപ്രകാരം പ്രസ്തുത പരിപാടികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

3. അന്തേവാസികൾക്കിടയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 1,00,000/- രൂപ 2023-24 സാമ്പത്തിക വർഷം വകയിരുത്തുകയും പുസ്തകങ്ങൾ വാങ്ങി ലൈബ്രറി നവീകരണം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്.

4. അന്തേവാസികളുടെ പഴയ പാചകപ്പുര നവീകരിക്കുന്നതിനായി 2023-24 ലെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2 0 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നവീകരണ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്.

5. ക്വാറന്റയിൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 5 0 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ 90% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

6. ഫുഡ് യൂണിറ്റ്, പെട്രോൾ പമ്പ്, മാനുഫാക്ചറി യൂണിറ്റ്, പേപ്പർ ബാഗ് യൂണിറ്റ്, ബ്യൂട്ടി പാർലർ, ഫ്രീ ഫാഷനിസ്റ്റ, കഫറ്റേരിയ എന്നിവയിലൂടെ ടി ജയിലിലെ അന്തേവാസികൾക്ക് ധാരാളം തൊഴിൽ അവസരങ്ങൾ നൽകി വരുന്നു.

**അനുബന്ധം - 4**

1. ജയിൽ വകുപ്പ് നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് തടവുകാരുടെ ബാഹുല്യം. ജയിൽ വകുപ്പിന്റെ വാർഷിക പദ്ധതി സ്കീമുകളിൽ ഉൾപ്പെടുത്തി പുതിയ ജയിലുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ജയിലുകളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിച്ച് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിലൂടെ തടവുകാരുടെ ബാഹുല്യം ഏറെക്കുറെ പരിഹരിക്കാൻ സാധിച്ചിട്ടുള്ളതാണ്.

2. അന്തേവാസികളുടെ സംശുദ്ധീകരണവും പുനരധിവാസവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ജയിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. നിയമ നടപടികളുടെ ഭാഗമായി പൊതുസമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട അന്തേവാസികളെ സമൂഹനന്മയ്ക്കായി ഉത്ബോധിപ്പിച്ചുകൊണ്ട് ജയിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ശ്രദ്ധയാകർഷിച്ചവയാണ്. തൊഴിൽ പരിശീലനം, തുടർ വിദ്യാഭ്യാസ പരിപാടി, യോഗ, മറ്റ് ക്ഷേമ പ്രവൃത്തികൾ എന്നിവയുൾപ്പെടെയുള്ള പദ്ധതികളിലൂടെ അന്തേവാസികളുടെ പുനരധിവാസം, ക്ഷേമം എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുള്ളതാണ്.

3. ജയിലുകളിലെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും നവീകരണത്തിനുമായി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിലൂടെ തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കാൻ കഴിഞ്ഞിട്ടുള്ളതാണ്.

4. വീഡിയോ കോൺഫറൻസിംഗ് സംവിധാനം, സി.സി.ടി.വി സംവിധാനം, ഡെടാ കമ്മ്യൂണിക്കേഷൻ സംവിധാനം, അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ എന്നിവയിലൂടെ ജയിലുകളിലെ ഭരണ നിർവ്വഹണവും ജയിൽ സുരക്ഷയും കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതാണ്.